(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) നിലവിൽ സപ്ലൈകോയുടെ വിൽപ്പനശാലകളില്ലാത്ത എല്ലാ ഗ്രാമ പഞ്ചായത്തുകളിലും മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് തീരുമാനമുണ്ട്.

(ബി) കേരളത്തിൽ ആകെയുള്ള 941 ഗ്രാമപഞ്ചായത്തുകളിൽ 39 പഞ്ചായത്തുകളിലൊഴികെ എല്ലാ പഞ്ചായത്തുകളിലും സപ്ലൈകോയുടെ വിൽപ്പന ശാലകൾ പ്രവർത്തിക്കുന്നുണ്ട്. ഈ 39 പഞ്ചായത്തുകളിൽ കൂടി സപ്ലൈകോ വിൽപ്പനശാലകൾ ആരംഭിക്കുന്നതിനായി ഊർജ്ജിതശ്രമങ്ങൾ നടത്തിവരുന്നു. ഇതുപ്രകാരം കേരളത്തിലെ എല്ലാ സാധാരണ ജനങ്ങൾക്കും പൊതുവിപണിയിലേതിനേക്കാൾ വിലക്കുറച്ച് സബ്സിഡി നിരക്കിൽ അവശ്യസാധനങ്ങൾ നൽകുന്നതിനും അതുവഴി പൊതുവിപണിയിലെ വിലവർദ്ധനവ് നല്ലൊരു പരിധിവരെ നിയന്ത്രിക്കുന്നതിനും സാധിക്കുന്നുണ്ട്.

(സി) ഇതിനായി സപ്ലൈകോ വിൽപ്പനശാലകളില്ലാത്ത എല്ലാ ഗ്രാമ പഞ്ചായത്തുകളിലേയും സെക്രട്ടറിമാർക്കും ഈ പഞ്ചായത്തുകളിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതു സംബന്ധിച്ച് നിലവിലുള്ള നിബന്ധനകൾ സപ്ലൈകോ ഹെഡ് ആഫീസിൽ നിന്നും നേരിട്ട് നൽകിയതിന് പുറമെ പഞ്ചായത്തുമായി ബന്ധപ്പെട്ട് ഇക്കാര്യത്തിൽ ഊർജ്ജിതശ്രമങ്ങൾ നടത്തുന്നതിന് സപ്ലൈകോയുടെ അഞ്ച് റീജിയണൽ മാനേജർമാർക്കും ഡിപ്പോ മാനേജർമാർക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

പുതിയ മാവേലി സ്റ്റോറുകൾ

233 (1317) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി മണ്ഡലത്തിൽപ്പെട്ട മേലൂർ പഞ്ചായത്തിലെ അടിച്ചിലിയിലും കൊരട്ടി പഞ്ചായത്തിലെ വാലുണ്ടാമുറിയിലും പുതിയ മാവേലി സ്റ്റോറുകൾ അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷകളിൽ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

സപ്ലൈകോ വിൽപ്പനശാലകൾ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾക്കാണ് ഇപ്പോൾ സപ്ലൈകോ മുൻഗണന നൽകിവരുന്നത്. ചാലക്കുടി നിയോജക മണ്ഡലത്തിൽപ്പെട്ട കൊരട്ടി പഞ്ചായത്തിൽ കൊരട്ടിയിൽ ഒരു സൂപ്പർ മാർക്കറ്റും, മേലൂർ പഞ്ചായത്തിലെ മേലൂരിൽ ഒരു മാവേലി സ്റ്റോറും നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഇവരിൽ സപ്ലൈകോ ഔട്ട് ലെറ്റ് പ്രവർത്തിക്കുന്നതായ പഞ്ചായത്തിൽ രണ്ടാമതൊരു ഔട്ട് ലെറ്റ് ആരംഭിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സർക്കാർ മാനദണ്ഡങ്ങൾക്ക് അനുസൃതമായി മാവേലി സ്റ്റോർ തുടങ്ങുന്നതിനുള്ള സ്ഥലസൗകര്യങ്ങളായ 500 ചതുരശ്ര അടിയിൽ കുറയാത്ത വാടക രഹിത കെട്ടിടവും, (സ്റ്റോർ പ്രവർത്തിക്കുന്ന കാലയളവ്), കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ, ഫർണിഷിംഗ് എന്നിവയ്ക്കായി ഒരു ലക്ഷം രൂപയും നൽകുവാൻ തയ്യാറാവുകയും മുൻപ്രസ്താവിച്ച സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ സാമൂഹികമായും വാണിജ്യപരമായും ഗുണമാണെന്ന് കണ്ടാൽ പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷയിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

പുതിയ റേഷൻ കാർഡുകളുടെ വിതരണം

234 (1318) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കാർഡുകൾ എന്ന് മുതൽ വിതരണം ചെയ്യുമെന്ന് വ്യക്തമാക്കുമോ;

(ബി) ഉപയോഗിച്ചുകൊണ്ടിരിക്കുന്ന റേഷൻ കാർഡിന്റെ കാലാവധി എന്നാണ് അവസാനിച്ചതെന്നും പ്രസ്തുത കാർഡുകളുടെ കാലാവധി എത്ര സമയം വരെയാണ് നീട്ടി നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) ഏതൊക്കെ ഏജൻസികളെയാണ് കാർഡ് പുതുക്കുന്നതിനായി പുതുതായി ഏൽപ്പിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) റേഷൻ കാർഡ് പുതുക്കലിൽ തെറ്റുകൾ ആവർത്തിച്ചതിനാൽ പുതിയ ഏജൻസിയെ ഏൽപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly